"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ വകുപ്പ് - മെഡിക്കൽ വിദ്യാഭ്യാസം - നബാർഡ് ആർ.ഐ.ഡി.എഫ്. പദ്ധതി - ഇടുക്കി സർക്കാർ മെഡിക്കൽ കോളേജിലെ ഹോസ്പിറ്റൽ ബ്ലോക്ക് നിർമ്മാണം' - RAB 27 മുതൽ RAB 31 വരെയുള്ള ബില്ലുകളിലെ കുടിശ്ശിക തുക ഒടുക്കുന്നത് - 6,80,22,556/- രൂപ അനുവദിച്ച് - ഉത്തരവാകുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (പി) വകുപ്പ്**

G.O.(Rt)No.1642/2024/H&FWD തീയതി,തിരുവനന്തപുരം, 09-07-2024

---

പരാമർശം:-

1. സ.ഉ(സാധാ)നം.3875/2014/ആ.കു.വ തീയതി 02-12-2014
2. സ.ഉ.(സാധാ)നം.919/2024/ആ.കു.വ. തീയതി 27.03.2024
3. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ 14.04.2024 തീയതിയിലെ പിബി2-1112/2020/മെ.വി.വ. എന്ന നമ്പർ കത്ത്
4. സ.ഉ.(സാധാ)നം.4968/2024/ധന തീയതി 24.06.2024

**ഉത്തരവ്**

'ഇടുക്കി സർക്കാർ മെഡിക്കൽ കോളേജിലെ ഹോസ്പിറ്റൽ ബ്ലോക്ക് നിർമ്മാണം' എന്ന പ്രവൃത്തിയ്ക്ക് നബാർഡ് ആർ.ഐ.ഡി.എഫ്. പദ്ധതിയുടെ കീഴിൽ 5711 ലക്ഷം രൂപയുടെ ഭരണാനുമതി മേൽ പരാമർശം 1-ലെ ഉത്തരവ് പ്രകാരം നൽകിയിരുന്നു. ഇടുക്കി മെഡിക്കൽ കോളേജിന്റെ ഹോസ്പിറ്റൽ ബ്ലോക്ക് നിർമ്മാണത്തിന്റെ കുടിശ്ശിക തുക '4210-03-105-66- ഇടുക്കി ജില്ലയിൽ പുതിയ മെഡിക്കൽ കോളേജ് (പ്ലാൻ)' എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുവാൻ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നത് പരിഗണിച്ച് കുടിശ്ശിക ഒടുക്കുന്നതിലേക്കായി 3,31,49,262/- രൂപ മേൽ പരാമർശം 2-ലെ ഉത്തരവ് പ്രകാരം അനുവദിച്ചിരുന്നു. എന്നാൽ, ധനവകുപ്പിന്റെ പരിപത്രം നമ്പർ 18/2024/ധന തീയതി 21.03.2024 പ്രകാരം ട്രഷറിയിലേക്ക് ബില്ലുകൾ സമർപ്പിക്കുന്നത് 25.03.2024 വൈകുന്നേരം 5 മണി വരെ നിജപ്പെടുത്തിയിരുന്നതിനാലും, കൃത്യ സമയത്ത് ശീർഷകത്തിലെ മേൽ പരിധി (ceiling limit) വർധിപ്പിച്ചു ലഭിക്കാത്തതിനാലും അനുവദിച്ചിരുന്ന പ്രസ്തുത തുക കരാറുകാരന് മാറി നൽകുവാൻ കഴിഞ്ഞിരുന്നില്ലെന്ന് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ മേൽ പരാമർശം 3-ലെ കത്ത് പ്രകാരം അറിയിച്ചിരുന്നു. നിലവിൽ ഹോസ്പിറ്റൽ ബ്ലോക്ക് നിർമ്മാണത്തിന്റെ സിവിൽ പ്രവർത്തിയുമായി ബന്ധപ്പെട്ട് RAB 27 മുതൽ RAB 31 വരെയുള്ള ബില്ലുകളുടെ ആകെ കുടിശ്ശികയായ തുക 6,80,22,556/- രൂപ ആണെന്ന് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ വ്യക്തമാക്കിയിരുന്നു. 2024-2025 സാമ്പത്തിക വർഷത്തിൽ ഇടുക്കി മെഡിക്കൽ കോളേജിനായി '4210-03-105-66' ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 5 കോടി രൂപ ഹോസ്പിറ്റൽ ബ്ലോക്ക് സിവിൽ നിർമ്മാണ പ്രവൃത്തികൾക്ക് കുടിശ്ശികയായിട്ടുള്ള തുക പോലും പൂർണമായി അനുവദിക്കുവാൻ പര്യാപ്തമല്ലെന്നും, ഹോസ്പിറ്റൽ ബ്ലോക്കിലെ സിവിൽ നിർമ്മാണ പ്രവൃത്തികൾക്കായി കരാറുകാരന് 2022 മുതലുള്ള കുടിശ്ശിക തുകകൾ നല്കുവാനുണ്ടെന്നും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ബോധിപ്പിച്ചിരുന്നു. ഇടുക്കി മെഡിക്കൽ കോളേജിന്റെ

ഹോസ്പിറ്റൽ ബ്ലോക്ക് നിർമ്മാണം അടിയന്തിരമായി പൂർത്തിയാക്കേണ്ടത് വളരെ അത്യാവശ്യമാണെന്നും കോളേജിൽ മികച്ച വിദ്യാഭ്യാസസംബന്ധമായ സൗകര്യങ്ങൾ ഒരുക്കുന്നതിനും രോഗികൾക്ക് മികച്ച ചികിത്സ സൗകര്യങ്ങൾ ഒരുക്കുന്നതിനും നിലവിലെ ഹോസ്പിറ്റൽ ബ്ലോക്കിന്റെ നിർമ്മാണം പൂർത്തീകരിക്കേണ്ടതായിട്ടുണ്ടെന്നും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ വ്യക്തമാക്കിയിരുന്നു. മേൽ കാര്യങ്ങൾ പരിഗണിച്ച് ഹോസ്പിറ്റൽ ബ്ലോക്ക് സിവിൽ പ്രവൃത്തികൾ ചെയ്തതുമായി ബന്ധപ്പെട്ട് RAB 27 മുൽ RAB 31 വരെയുള്ള ബില്ലുകളിലായി കരാറുകാരന് നൽകുവാനുള്ള ആകെ തുകയായ 6,80,22,556/- രൂപ, അധികധനാനുമതി പ്രകാരം '4210-03-105-66' ശീർഷകത്തിൽ അനുവദിച്ചു നൽകുകയോ അല്ലെങ്കിൽ '4210-03-105-44 (PV) - ഇടുക്കിയിൽ പുതിയ മെഡിക്കൽ കോളേജ് (നബാർഡ് - ആർ.ഐ.ഡി.എഫ്.)' ശീർഷകത്തിൽ അധികധനാനുമതി പ്രകാരം അനുവദിച്ച് നൽകുകയോ ചെയ്യണമെന്ന് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇടുക്കി മെഡിക്കൽ കോളേജിൽ ഹോസ്പിറ്റൽ ബ്ലോക്ക് സിവിൽ പ്രവൃത്തികൾ ചെയ്തതുമായി ബന്ധപ്പെട്ട് RAB 27 മുതൽ RAB 31 വരെയുള്ള ബില്ലുകളിലായി കരാറുകാരന് നൽകുവാനുള്ള ആകെ തുകയായ **6,80,22,556/- രൂപ (ആറു കോടി എൺപതു ലക്ഷത്തി ഇരുപത്തിരണ്ടായിരത്തി അഞ്ഞൂറ്റി അൻപത്തിയാറു രൂപ മാത്രം) '4210-03-105-44 (PV) - ഇടുക്കിയിൽ പുതിയ മെഡിക്കൽ കോളേജ് (നബാർഡ് - ആർ.ഐ.ഡി.എഫ്.)'** എന്ന ശീർഷകത്തിൽ നിന്നും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. മേൽ ആവശ്യത്തിലേക്കായി 6,80,23,000/- രൂപ മേൽ പരാമർശം 4-ലെ ഉത്തരവ് പ്രകാരം അധികധനാനുമതി വഴി അനുവദിച്ചിട്ടുണ്ട്. ഈ സാമ്പത്തികവർഷം അവസാനിക്കുന്നതിനു മുൻപായി പ്രസ്തുത അധികചെലവ് ധനാഭ്യർത്ഥന / ഉപധനാഭ്യർത്ഥന -യ്ക്കുള്ളിൽ നിന്നു കൊണ്ട് മിച്ചം തുകയുടെ ധനപുനർവിനിയോഗം മുഖേന ക്രമീകരിക്കുന്നതിന് ആവശ്യമായ നടപടി മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

Signed by
P. K. Santhosh
Date: 09-07-2024 11:02:49

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUBHASH R
ADDITIONAL SECRETARY

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് / എ&ഇ), കേരളം, തിരുവനന്തപുരം
വിവരപൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
ധനകാര്യ (ഹെൽത്ത് - എ) വകുപ്പ് (നം.2440856/HLT-A2/12/2023-FIN തീയതി 28.06.2024 പ്രകാരം)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ